**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1744** **12-09-2023 - ൽ മറുപടിയ്ക്ക്**

**നാളികേര വിലയിടിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേര വിലയിടിവ് കാരണം കേര കർഷകർ പ്രതിസന്ധിയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേര കർഷകർ നേരിടുന്ന ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14/01/2022-ലെ സ.ഉ.(കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും, കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/എഫ്.പി.ഒ-കൾ/മറ്റ് ഏജൻസികൾ മുഖേനയും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK),മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും, പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. 01/08/2023 തീയ്യതിയിലെ സ.ഉ(സാധാ)നം. 744/2023/AGRI ഉത്തരവു പ്രകാരം VFPCK കൊപ്രസംഭരണ പദ്ധതിയിൽ അടിയന്തിരമായി പച്ചത്തേങ്ങ/കൊപ്രസംഭരണം ആരംഭിക്കുന്നതിനും, അതുവരെ നിലവിലെ പച്ചത്തേങ്ങ സംഭരണപദ്ധതിയിൽ തുടരുന്നതിനും അപ്രകാരം ശേഖരിക്കുന്ന പച്ചത്തേങ്ങ കേരഫെഡിന് കൈമാറാനും അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 31/08/2023 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽ നിന്നും 12872.5086 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.<br><br>പച്ചത്തേങ്ങയുടെ സംഭരണവില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽക്കാണ് 34/- രൂപയായി ഉയർത്തിയത്. തേങ്ങയുടെ ഉൽപ്പാദനചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 29.30 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 04.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി പ്രകാരം കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനായി മാർക്കറ്റ്ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 2022 സീസണിൽ കർഷകരിൽ നിന്നും 913.59271 MT പച്ചത്തേങ്ങ സംഭരിക്കുകയും 255.85 MT കൊപ്ര നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 2023 സീസണിൽ 31/08/2023 വരെ 617 കർഷകരിൽ നിന്നായി 491.86 MT പച്ചത്തേങ്ങ സംഭരിക്കുകയും 130.4 MT കൊപ്ര നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ